മാനസികാരോഗ്യ പദ്ധതി

86 (2362) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മാനസികാരോഗ്യ നയം രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിനുവേണ്ടി കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, 1999-ൽ കേരള സംസ്ഥാന മാനസികാരോഗ്യ നയം രൂപീകരിക്കുകയും സ.ഉ.(അ) 92/2000/ആ.കു.വ. തീയതി 13-4-2000 പ്രകാരം ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാകുന്നു. സ.ഉ.(അച്ചടി) നം.206/2013/ആ.കു.വ. തീയതി 28-5-2013 പ്രകാരം ഈ മാനസികാരോഗ്യ നയം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. മാനസികാരോഗ്യ നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.* പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-ന്റെ എഴുപത്തിയൊൻപതാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സംസ്ഥാനത്ത് മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി ജി.ഒ.(ആർ. റ്റി.) നമ്പർ 2556/2015 എച്ച് ആന്റ് എഫ്.ഡബ്ല്യു.ഡി, തീയതി 6-8-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly